

# കല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവക

ചാലക്കുടി പുഴയുടെ പടിഞ്ഞാറെ കരയിൽ വടക്ക്, ചരിത്രപ്രസിദ്ധമായ അമ്പഴക്കാട് സെന്റ് തോമസ് ഫൊറോന ഇടവകയുടെയും, അന്നമനടയുടെയും മദ്ധ്യഭാഗത്ത് കല്ലൂർ എന്ന കൊച്ചുഗ്രാമം സ്ഥിതിചെയ്യുന്നു. മതമൈത്രിയുടെ പ്രതീകം കണക്കെ, ഹൈന്ദവക്ഷേത്രത്തിനും മുസ്ലീംപള്ളിക്കും ഇടയിലായി ഈ ഗ്രാമത്തിന്റെ തിലകക്കുറിയായി ഇടവക ദേവാലയം 1986 ജനുവരി 25-ന് വി. സെബസ്ത്യാനോസിന്റെ നാമധേയത്തിൽ സ്ഥാപിതമായി.

ദേവാലയ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിന് അമ്പഴക്കാട് ഫൊറോനാ ദേവാലയത്തിലേക്ക് അഞ്ചു കിലോമീറ്റർ ദൂരം യാത്ര ചെയ്യേണ്ട സാഹചര്യം. വേണ്ടത്ര റോഡുകളോ, വാഹന സൗകര്യങ്ങളോ ഇല്ലാത്ത കാലം. ഈ പശ്ചാത്തലത്തിലാണ് കല്ലൂരിൽ വർഷങ്ങൾക്ക് മുമ്പ് ഒരു ചെറിയ കപ്പേള സ്ഥാപിക്കുവാൻ ഇടയായത്. കപ്പേള സ്ഥാപിക്കപ്പെട്ടുവെങ്കിലും അമ്പഴക്കാട് നിന്നും ഇവിടെ വന്ന് ആത്മീയ ആവശ്യങ്ങൾ നടത്തിക്കൊടുക്കുകയെന്നത് അന്ന് ഏറെ ക്ലേശകരമായിരുന്നു.

## സെന്റ് ജോർജ്ജ് സ്കൂൾ & റൊസാരിയോ മഠം

1949-ൽ കല്ലൂരിൽ കർമ്മലീത്ത സന്യാസ സമൂഹം വൈന്തല കോൺവെന്റിന്റെ കീഴിൽ സെന്റ് ജോർജ്ജിന്റെ നാമധേയത്തിൽ ഒരു സ്കൂൾ സ്ഥാപിച്ചു. 1958-ൽ സിസ്റ്റേഴ്സ് ഈ സെന്റ് ജോർജ്ജ് സ്കൂളിനോട് ചേർന്ന് ഒരു മഠം ആരംഭിച്ചു. ഇതേ വർഷത്തിൽ തന്നെ മഠത്തിന് സമീപം ആയി കല്ലൂരിലെ വിശ്വാസികൾക്കുകൂടി ഉപകരിക്കത്തക്കവിധത്തിൽ ശ്രീ. കണിച്ചായി തോമൻ എന്ന വ്യക്തി ഒരു ദേവാലയം റൊസാരിയോ മാതാവിന്റെ നാമധേയത്തിൽ പണിതീർത്ത് നൽകി. കൂടാതെ കല്ലൂരിൽ ഉണ്ടായിരുന്ന പഴയ കപ്പേളയും സ്ഥലവും മഠം അധികാരികൾക്ക് കൈമാറി. ഈ മഠം പള്ളിയിൽ ചില ഇടദിവസങ്ങളിൽ വിശുദ്ധ കുർബാന നടത്തിക്കിട്ടുവാൻ ഇത് അവസരം ഒരുക്കി. കപ്പേളയിൽ നിന്നും വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപം റൊസാരിയോമാത പള്ളിയിൽ പ്രത്യേകം സജ്ജമാക്കിയ സ്ഥാനത്ത് മാറ്റി സ്ഥാപിക്കപ്പെടുകയും തുടർന്ന് റൊസാരിയോമാത പള്ളിയിൽ പുണ്യവാളന്റെയും മാതാവിന്റെയും തിരുനാൾ സംയുക്തമായി ആഘോഷിക്കുവാനും തുടങ്ങി.

റൊസാരിയോമാത പള്ളിയുടെ സമീപ



റോസാരിയോ കോൺവെന്റ് & ചാപ്പൽ

ത്തായി കുറച്ച് സ്ഥലം വാങ്ങി ഒരു വൈദികമന്ദിരം പണിയുന്നതിന് ശ്രമം നടക്കുന്നതിനിടയിൽ അമ്പ ഴക്കാട് പള്ളി വികാരിയച്ചനു പകരമായി വെണ്ണൂർ പള്ളി വികാരിയിലേക്ക് കല്ലൂരിന്റെ കപ്ലോൻ ചാർജ്ജ് മാറ്റുകയുണ്ടായി. അങ്ങനെ ഫാ. ഡേവിസ് അമ്പൂ



സെന്റ് ജോർജ്ജ് യു.പി. സ്ക്കൂൾ

ക്കന്റെ മേൽനോട്ടത്തിൽ പണിത ഈ വൈദിക മന്ദിരം 1979-ൽ ഇരിങ്ങാലക്കുട രൂപതാമെത്രാൻ വെഞ്ചിരിച്ചു. ഇവിടേയ്ക്ക് ആദ്യമായി സ്ഥിരം കപ്ലോനായി ബഹു. ആന്റണി ആലപ്പാട്ട് അച്ചനെ നിയമിച്ചു (1980-81). എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ വൈകാതെ അദ്ദേഹം സ്ഥലം മാറി പ്പോയി.

## പുതിയ പള്ളി, ഇടവക

പിന്നീട് ഇവിടേയ്ക്ക് നിയമിതനായ ബഹു. പോൾ വാലിക്കോടത്ത് അച്ചൻ (1981-89) കല്ലൂ രിന്റെ മുഖച്ഛായയ്ക്ക് ഒത്തിരി മാറ്റങ്ങൾ വരു ത്തി. കല്ലൂരിൽ എത്തിയപ്പോൾ പ്രായത്തിന്റെയും രോഗത്തിന്റെയും പ്രശ്നങ്ങൾ ഉണ്ടായിട്ടുപോലും അവ കണക്കിലെടുക്കാതെ അദ്ദേഹം അക്ഷീണം പ്രവർത്തിച്ചതിന്റെ ഫലമായി കല്ലൂർ നിവാസികൾ സ്വപ്നം കണ്ടിരുന്ന, സിമിത്തേരിക്ക് രൂപംകൊടുത്ത് സാക്ഷാത്ക്കരിക്കുകയുണ്ടായി.

വിശുദ്ധ സെബസ്ത്യോനോസിന്റെ നാമധേ യത്തിൽ പുതിയൊരു ഇടവക ദേവാലയം പണി യുന്നതിന് 1984 ജനുവരി 1-ന് അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് തറക്കല്ല് ഇട്ടു. രണ്ടു വർഷം കൊണ്ട് പണി പ ൂർത്തിയാക്കി. 1986 ജനുവരി 25 -ന് വെഞ്ചിരിപ്പു നടത്തുകയും കല്ലൂർ അങ്ങനെ ഇടവക യായി അന്നേദിവസം തന്നെ പ്രഖ്യാപനം ഉണ്ടാകുകയും പ്രഥമ വികാരിയായി ബ ഹു. പോൾ വാലിക്കോടത്ത് അച്ചനെ തന്നെ നിയമിക്കു കയും ചെയ്തു. ബഹു. പേ ാൾ വാലിക്കോടത്ത് അച്ചന്റെ പൗരോഹിത്യന്റെ സുവർണ്ണ



വി. സെബസ്ത്യാനോസിന്റെ കപ്പേള

ജൂബിലി രൂപതാദ്ധ്യക്ഷന്റെ കാർമ്മികത്വത്തിൽ 50 വൈദികരോടൊപ്പം ഇടവകയിൽവച്ച് ഇടവ കാംഗങ്ങൾ ആഘോഷിച്ചു. അമ്പഴക്കാട് നിന്ന് വേർപെടുത്തിയ കല്ലൂർ ഇടവകയിൽ 1986-ൽ വീടു കൾ 179 ആയിരുന്നു. പോൾ വാലിക്കോടത്ത് അച്ച നുശേഷം ബഹു. ഫാ. ആന്റണി മഞ്ഞളി വരികയും കൂട്ടായ പ്രവർത്തനങ്ങളുടെ വേദിയായി മാറുന്ന കുടുംബസമ്മേളനങ്ങൾ രൂപീകരിക്കുകയും, അമ്മമാ രുടെ പ്രവർത്തനങ്ങൾക്ക് മാതൃസംഘം രൂപീകരിച്ച് അവർവഴി വിവാഹസഹായനിധി ആരംഭിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ സിമിത്തേരിയിൽ കപ്പേള പണിതു. വിശുദ്ധന്റെ നൊവേന പള്ളിയിൽ ആരംഭിച്ചു. വി. സെബസ്ത്യാനോസിന്റെ കപ്പേള പ ണിതത് ബഹു. ജോർജ്ജ് കണ്ടം കുളത്തിയച്ചന്റെ കാലത്താണ്.

## മതബോധനം, സംഘടനകൾ

ഇടവക ജനങ്ങൾക്ക് റൊസാരിയോ കോൺ വെന്റിനോട് വലിയൊരു മാനസിക അടുപ്പം ഉണ്ട്. മത ബോധനപരിശീലന കളരി ഇന്നും സെന്റ് ജോർജ്ജ് സ്ക്കൂളും അവിടത്തെ ക്ലാസ്സ് മുറികളും തന്നെ ആയി തുടരുന്നു. ഇടവകയുടെ പൊതുവായ ഉപയോഗത്തി നുവേണ്ടി ബഹു. ജോൺ വാഴപ്പിള്ളിയച്ചൻ വികാരി യായിരുന്ന കാലഘട്ടത്തിൽ (2003-04) മതബോധന ഹാൾ പണിത് വെഞ്ചരിക്കുകയുണ്ടായി.

തുടർന്ന് വികാരി ബഹു. ഫാ. ജോൺസൻ തറയിൽ ഇവിടെ എത്തിയതിനുശേഷം പള്ളിയ്ക്കു ള്ളിലെ പുനരുദ്ധാരണം, മദ്ബഹാ മോടി പിടി



മതബോധന ഹാൾ



പരി. ലൂർദ്ദുമാതാവിന്റെ ഗ്രോട്ടോ

പ്പിക്കൽ, മെയിൻറോഡിൽനിന്ന് പള്ളിയിലേക്ക് തിരിയുന്ന ഭാഗത്ത് നല്ലൊരുകമാനം, പാരിഷ് ഹാളിന് അടുക്കളയും, ബാത്ത് റൂമും അടക്കം നിരവധി സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഈ ഇടവകയിൽ 247 വീടുകളാണ് നിലവിൽ ഉള്ളത്. ഈ 247 വീടുകളെ 7 കുടുംബയൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. കർമ്മലീത്താ സിസ്റ്റേഴ്സ് ഇടവകയുടെ പുരോഗതിയിൽ നല്ലൊരു പങ്ക് വഹിക്കുന്നു. ഇവരുടെ റൊസാരിയോ കോൺവെന്റും, സെന്റ് ജോർജ്ജ് യു.പി. സ്ക്കൂളും ഇടവകയുടെ വിദ്യാഭ്യാസം, വേദോപദേശം, കുടുംബപ്രേഷിതത്വം എന്നീ മേഖലകളിൽ കാഴ്ചവയ്ക്കുന്ന സേവനം എടുത്ത് പറയേണ്ടതാണ്.